**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4213** **06-03-2023 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ-കരുവന്നൂർ ശുദ്ധജല വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന അനുവദിച്ച തൃശ്ശൂർ-കരുവന്നൂർ ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (എ) | കിഫ്ബി മുഖേന 185 കോടി രൂപ അനുവദിച്ച തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റി9+നായി നിർദ്ദേശിച്ച ഭൂമി തണ്ണീർത്തട വിഭാഗത്തിൽ ഉൾപ്പെടുത്തുകയും സാമൂഹിക ആഘാത പഠനത്തിനിടെ വിദഗ്ധ സമിതി, എതിർപ്പ് അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ, 2018 ലെ വെള്ളപ്പൊക്കത്തിൽ ടി പ്രദേശം വെള്ളത്തിനടിയിലാവുകയും, പദ്ധതി ആ സ്ഥലത്ത് ആവിഷ്കരിക്കുവാനാകാത്ത വിധം സ്ഥലത്തെ മണ്ണിന്റെ ദൃഢത മാറുകയുമുണ്ടായി. അതിനാൽ ഒരു ബദൽ ഭൂമി നിർദ്ദേശം അനിവാര്യമായി വരികയും പദ്ധതിയ്ക്ക് പുതിയൊരു സ്ഥലം കണ്ടെത്തുകയും ചെയ്തു. പുതിയ സ്ഥലത്തിനനുസൃതമായി പദ്ധതിയുടെ ഡിസൈനും മറ്റും പരിഷ്കരിക്കുകയും 222.97 കോടി രൂപയുടെ പരിഷ്കരിച്ച ഡി.പി.ആർ 24.11.2022 ന് കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ-മേൽ അവലോകനം നടത്തി അതിന്മേൽ ഒരു സാങ്കേതികാവലോകന റിപ്പോർട്ട് പദ്ധതി നിർവഹണ ഏജൻസിയായ കേരളാ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ